പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *5238* 30.06.2014-ൽ മറുപടിക്ക്

## കാസർകോട് - കാഞ്ഞങ്ങാട് റൂട്ടിലെ ഫെയർസ്റ്റേജിലെ അപാകത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാസർകോട്-ചന്ദ്രഗിരിപ്പാലം- കാഞ്ഞങ്ങാട് ദേശസാത്കൃത റൂട്ടിൽ കെ. എസ്. ആർ. ടി. സി യാത്രയിൽ എത്ര ഫെയർ സ്റ്റേജുകളാണ് അനുവദിച്ചിട്ടുള്ളത്; | (എ) | 12 ഫെയർ സ്റ്റേജുകൾ. |
| (ബി) | 29 കിലോമീറ്റർ ദൂരമുള്ള പ്രസ്തുത റൂട്ടിൽ രണ്ടര കിലോ മീറ്റർ യാത്ര ചെയ്യുമ്പോൾ 13 രൂപ വരെ നൽകേണ്ടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കാസർഗോഡ് - കാഞ്ഞങ്ങാട് - ചന്ദ്രഗിരി റൂട്ടിൽ ചന്ദ്രഗിരി പാലം ഉത്ഘാടനം ചെയ്തതു മുതൽ ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി, ഓർഡിനറി എന്നിങ്ങനെ 3 തരം സർവ്വീസുകളാണ് നടത്തിയിരുന്നത്. ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് വരുമാനക്കുറവ് മൂലം നിർത്തൽ ചെയ്യുകയുണ്ടായി. മേൽപ്പറമ്പ, പാലക്കുന്ന്, പൂച്ചക്കാട്, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ ഫെയർ സ്റ്റേജ് അനുവദിച്ചാണ് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾ നടത്തിക്കൊണ്ടിരുന്നത്. എന്നാൽ കാഞ്ഞങ്ങാട് ഡിപ്പോ തുടങ്ങിയതോടുകൂടി കാസർഗോഡ് നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ഭൂരിപക്ഷം ഓർഡിനറി സർവ്വീസുകളും കാഞ്ഞങ്ങാട് ഡിപ്പോയിലേക്ക് മാറ്റിയതോടുകൂടി ഓർഡിനറി സർവ്വീസുകൾ ചന്ദ്രഗിരി റൂട്ടിൽ കയറുകയും യാത്രക്കാർ ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകളെ കൂടുതലായി ആശ്രയിക്കുന്നതിന് കാരണമാ |

| | | | |
|---|---|---|---|
| | | | കുകയും ചെയ്തു. ആയതിനാൽ യാത്രക്കാർ ഒർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ഫെയർ സ്റ്റേജ് അല്ലാത്ത സ്ഥലങ്ങളിൽ നിന്നും കയറി ഫെയർ സ്റ്റേജ് ഇല്ലാത്ത സ്ഥലത്ത് ഇറങ്ങുമ്പോഴാണ് 13 രൂപ വരെ നൽകേണ്ടി വന്നത്. |
| (സി) | ചേറ്റുകുണ്ടിൽ നിന്നും ഉദുമയിലേക്ക് 9 കിലോമീറ്റർ യാത്ര ചെയ്താൽ കാഞ്ഞങ്ങാടുനിന്നും മേൽപ്പറമ്പിലേക്കുള്ള 20 കിലോമീറ്റർ ദൂരത്തിന്റെ ചാർജ്ജായ 18 രൂപ നൽകേണ്ട അവസ്ഥ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ലിമിറ്റഡ് സ്റ്റോപ്പ് ഫെയർ സ്റ്റേജ് സർവ്വീസിന് കാഞ്ഞങ്ങാട്, പൂച്ചക്കാട്, പാലക്കുന്ന്, മേൽപ്പറമ്പ, കാസർഗോഡ് എന്നിങ്ങനെയാണ് ഫെയർ സ്റ്റേജ് നിശ്ചയിച്ചിരിക്കുന്നത്. ചേറ്റുകുണ്ട് എന്ന സ്ഥലത്ത് നിന്നും ഉദുമയിലേക്ക് യാത്ര ചെയ്യുമ്പോൾ ഉദുമയിൽ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസിന് ഫെയർ സ്റ്റേജ് ഇല്ലാത്തതിനാൽ അടുത്ത സ്റ്റേജായ മേൽപ്പറമ്പിലേക്കുള്ള ടിക്കറ്റ് നിരക്കായ 18 രൂപ നൽകേണ്ടി വരുന്നുണ്ട്. |
| (ഡി) | ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് കെ. എസ്. ആർ. ടി. സി നടപടി സ്വീകരിക്കുമോ? | (ഡി) | ടി റൂട്ടിൽ ഫെയർ സ്റ്റേജ് അപാകത ഉണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ